# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 7**

---

## ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ(ഐയുസിഡിഎസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

വിദേശത്ത് ഉൾപ്പെടെ ആശുപത്രികളിൽ നഴ്സുമാരെയും ഡോക്ടർമാരെയും സഹായിക്കുന്ന അസിസ്റ്റൻറ് നേഴ്സ് തസ്തികയിലും കെയർ ഹോമുകളിൽ കെയർ ഗിവർ ആയും ജോലി ലഭിക്കാൻ കോഴ്സ് ഉപകരിക്കും.

മൂന്നു മാസത്തെ കോഴ്സിൽ ഒരു മാസത്തെ ആശുപത്രി പരിശീലനവും പ്ലേസ്മെൻറും ലഭിക്കും. പ്രായപരിധിയില്ല. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഏപ്രിൽ മൂന്നിന് സർവകലാശാലയിൽ ആരംഭിക്കും.

ഫോൺ: 9946299968, 8891391580, ഇ-മെയിൽ: iucdsmgu@mgu.ac.in

(പി.ആർ.ഒ/39/230/2024)

## എംഎസ്ഡബ്ല്യു: അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ്) നടത്തുന്ന മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എംഎസ്ഡബ്ല്യു) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

കമ്മ്യൂണിറ്റി ഡെവലപ്മെൻറ്, സൈക്യാട്രിക് സോഷ്യൽ വർക്ക് എന്നിവയിലാണ് സ്പെഷ്യലൈസേഷൻ.

ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും സംവരണാനുകൂല്യം ഉള്ളവർക്കും നിയമാനുസൃതമായ ഇളവുകൾ ഉണ്ടായിരിക്കും.

അപേക്ഷാ ഫോം www.iucds.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് മാർച്ച് 30 വൈകിട്ട് അഞ്ചു വരെ അയയ്ക്കാം.

ഫോൺ: 9495213248, 9483429290, 8891391580

(പി.ആർ.ഒ/39/231/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബിപിടി(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008-2013 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 25 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.
മാർച്ച് 26ന് ഫൈനോടു കൂടിയും മാർച്ച് 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/232/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.കോം(സിബിസിഎസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 22 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/233/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**